# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 233 — 08.07.15 -ൽ മറുപടിക്ക്

## കടലാക്രമണ പ്രതിരോധപ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എം.എ. ബേബി<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് വ്യാപകമായി നടക്കുന്ന കടലാക്രമണം തടയാനായി യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;എങ്കിൽ ഇതു പരിഹരിയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) സംസ്ഥാനത്ത് കടലാക്രമണം രൂക്ഷമാണെന്നുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കടലാക്രമണം ശാശ്വതമായി പ്രതിരോധിക്കുന്നതിന് കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കടലാക്രണം അതീവ രൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ അടിയന്തിര നടപടികളും സ്വീകരിച്ച് വരുന്നു. ഇപ്രകാരം അടിയന്തിര നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കടൽഭിത്തി ഇല്ലാത്തതോ തകർന്നതോ ആയ സ്ഥലങ്ങളിൽ കല്ലും മണൽ ചാക്കുകളും ഉപയോഗിച്ച് താല്ക്കാലിക പ്രതിരോധ ഭിത്തി നിർമ്മിക്കുന്നുണ്ട്. ഇത്തരത്തിൽ രൂക്ഷമായ കടലാക്രമണം ഉള്ള പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ ഒരു യോഗം ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രിവിളിച്ച് കൂട്ടി എം.എൽ.എ മാരോട് അത്യാവശ്യം ചെയ്യേണ്ട പ്രവൃത്തികളുടെ ലിസ്റ്റ് നല്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ കടൽഭിത്തി നിർമ്മാണം സംബന്ധിച്ച വിശദാംശം നല്കാമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ കടൽഭിത്തി നിർമ്മാണം സംബന്ധിച്ച വിശദാശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കടലാക്രമണ പ്രതിരോധത്തിനായി കേന്ദ്രസഹായത്തോടെ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശവും പുരോഗതിയും വ്യക്തമാക്കാമോ? | (സി) | കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പട്ടുത്തി കടൽഭിത്തി നിർമ്മാണവും പുനരുദ്ധാരണ പ്രവർത്തികളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 8 കി.മീറ്ററോളം നീളത്തിൽ കടൽഭിത്തി നിർമ്മാണവും 11 കി.മീറ്ററോളം നീളത്തിൽ പുനരുദ്ധാരണ പ്രവർത്തികളും പൂർത്തിയായി.<br>വെള്ളപ്പൊക്ക നിവാരണ പദ്ധതി (Flood Management Programme) യിൽ ഉൾപ്പെടുത്തുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ നിന്നും പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്ര ജലകമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളി, പനത്തുറക്കര, ചെറിയതുറ പ്രദേശങ്ങളിൽ കടൽഭിത്തി ബലപ്പെടുത്തുന്നതിനായി 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ അടിയന്തിരമായി ചെയ്യേണ്ട പണികൾ പൂർത്തികരിച്ചിട്ടുണ്ട്. 152.50 ലക്ഷം രൂപയുടെ 6 പണികൾക്ക് കരാർ വെച്ച് പണി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ബീമാപള്ളിയിൽ 8 പുലിമുട്ടുകളുടെ നിർമ്മാണത്തിന് 16.70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പുലിമുട്ടുകളുടെ ഡിസൈൻ അംഗീകാരത്തിനായി ഐ.ഐ.റ്റി ചെന്നൈ -യെ സമീപിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ കടൽ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 15 പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ ഹരപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പല്ലനയിൽ 2.80 കോടി രൂപയ്ക്ക് 341 മീറ്റർ നിളത്തിൽ കടൽഭിത്തി നിർമ്മാണം പുരോഗതിയിലാണ്. ടി നിയോജക മണ്ഡലത്തിലെ പല്ലനയിൽ 2.52 കോടി രൂപയ്ക്ക് 424 മീറ്റർ കടൽഭിത്തി നിർമ്മാണം പൂർത്തികരിച്ചു.

എറണാകുളം ജില്ലയിൽ 22 കടൽ ഭിത്തി നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ 13-ാം ധനകാര്യകമ്മീഷന്റെ കീഴിൽ കടൽക്ഷോഭ പ്രതിരോധത്തിനായി 914 ലക്ഷം രൂപ അനുവദിക്കുകയും ഇതനുസരിച്ച് 8 പ്രവൃത്തികൾ 227 മീ. നീളത്തിൽ പുതിയ പ്രവൃത്തിയും 2612 മീ. നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തിയും എങ്ങണ്ടിയൂർ കടപ്പുറം, വാടാനപ്പിള്ളി, ഏറിയാട്, എസ്.എൻ.പുരം എന്നീ പഞ്ചായത്തുകളിൽ പൂർത്തികരിച്ചു. കൂടാതെ പ്രകൃതിക്ഷോഭം, അടിയന്തിര സംരക്ഷണ പ്രവർത്തികൾ എന്നിവയ്ക്കായി 315.53 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തികൾ പൂർത്തികരിക്കുകയും ചെയ്തു. സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി 2011 മുതൽ 2014 വരെ 868 മീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. 13.10 ലക്ഷം രൂപയുടെ ഒരു പ്രവൃത്തയുടെ പണികൾ പുരോഗമിക്കുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച 54.50 ലക്ഷം രൂപയുടെ മൂന്ന് പ്രവർത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

മലപ്പുറം ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1533.5 ലക്ഷം രൂപയുള്ള 14 പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

കോഴിക്കോട് ജില്ലയിൽ 13-ാം ധനകാര്യകമ്മീഷനിൽ ഉലൾപ്പെടുത്തി 16 പ്രവർത്തികളും സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി 43 കടലാക്രമണ പ്രതിരോധ പ്രവൃത്തികളും ഉൾപ്പടെ ആകെ 59 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ കടലാക്രമണ പ്രതിരോധ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 1311.04 ലക്ഷം രൂപയുടെ 44 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിയ്ക്കുകയും 39 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന പദ്ധതി വിഹിതം ഉപയേഗിച്ച് കാസർഗോഡ് ജില്ലയിൽ കാവുഗോളി കടപ്പുറത്ത് 120 മീറ്റർ നീളത്തിൽ 60.00 ലക്ഷം രൂപയുള്ള കടൽഭിത്തികളുടെ നിർമ്മാണവും പൂർത്തികരിച്ചിട്ടുണ്ട്. കൂടാതെ രൂക്ഷമായ കടലാക്രമണത്തിൽ കടൽ ഭിത്തികൾക്കുണ്ടായ കേട്ടുപാടുകൾ പരിഹരിക്കുന്നതിനായി ടി കാലയളവിൽ 346.00 ലക്ഷം രൂപ ഉപയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ